(സി) കരുവാറ്റ, തകഴി, മുഹമ്മ, വീയപുരം, വെച്ചൂർ, കുമരകം എന്നീ പഞ്ചായത്തുകൾ, വൈക്കം നഗരസഭ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽപ്പെടുന്ന 50 വനിതാ സ്വയംസഹായ സഹകരണ സംഘങ്ങൾക്ക് കുമരകത്തെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കുളവാഴ ഉപയോഗിച്ചുള്ള വളം നിർമ്മാണത്തെക്കുറിച്ച് 2 ദിവസത്തെ പരിശീലനം നൽകി. തകഴി പഞ്ചായത്തിലെ 8 യൂണിറ്റുകൾ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ, കോട്ടയം എറണാകുളം ജില്ലകളിൽപ്പെടുന്ന കുട്ടനാട്, വൈക്കം, കോട്ടയം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കുകളിലെ കായൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന പോള (കുളവാഴ) ശല്യത്തിനു പരിഹാരമായി കുളവാഴയെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത് കായലുകളുടെ ആവാസവ്യവസ്ഥയും, പരിസ്ഥിതിയും പുനഃസ്ഥാപിക്കുകയും കായലുകളെ ജലസേചനയോഗ്യമാക്കി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും, നീക്കംചെയ്യുന്ന കുളവാഴ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കായലുകളിൽനിന്ന് നീക്കംചെയ്യുന്ന കുളവാഴ, നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

ഫിഷറീസിന്റെ കീഴിലുള്ള ഹാച്ചറികളിലെ സി.എൽ.ആർ. ജീവനക്കാർ

221(513) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാച്ചറികളിൽ സിഎൽആർ. ആയി ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്, ഇവരുടെ തൊഴിൽ എന്താണ്, ഇവരുടെ വേതനരീതി എങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) മുൻകാലങ്ങളിൽ 500 ഡ്യൂട്ടി നോക്കിയിട്ടുള്ള സി.എൽ.ആർ. ജീവനക്കാരെ അതത് ഹാച്ചറികളിൽ എസ്.എൽ.ആർ. ആയി നിയമിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള സി.എൽ.ആർ. ജീവനക്കാരേയും എസ്.എൽ.ആർ. ആയി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

തെന്മല റിസർവോയറിലെ മത്സ്യകൃഷി

222(514) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ തെന്മല റിസർവോയറിൽ റാഞ്ചിംഗ് മുഖേന മത്സ്യകൃഷിയ്ക്കുള്ള പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യൻ സ്പീഷീസുകളായ ഇൻഡ്യൻ മേജർ കാർപ് എന്നറിയപ്പെടുന്ന കട്ല, രോഹു, മൃഗാൾ എന്നിവയെ വളർത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ജലാശയങ്ങളിൽ മുട്ടയിട്ടുപെരുകാൻ സാധ്യമല്ലെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള ഇവയെ റാഞ്ചിംഗ് നടത്തി വളർത്തി വിപണന സാധ്യത പ്രയോജനപ്പെടുത്തുമോ;

(ഡി) ആദിവാസികളെ കൂടാതെ പട്ടികജാതി വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിച്ച് വളർച്ചയെത്തിയ മത്സ്യങ്ങളെ വിപണനം ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിസർവോയർ പ്രദേശം തെന്മല ചെന്തരുണി വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഏരിയ ആയതിനാൽ റിസർവോയറിൽ റാഞ്ചിഗിനുള്ള തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഇന്ത്യൻ മേജർ കാർപ് ഇനത്തിൽപ്പെട്ട കട്ല, രോഹു, മൃഗാൾ എന്നീ മത്സ്യങ്ങളെ റിസർവോയറിൽ വളർത്തുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. എന്നാൽ വനം വകുപ്പിന്റെ അധീനതയിലുള്ള വിവിധതരം ജല സ്രോതസ്സുകളിൽ ഇവയെ വളർത്തുന്നതിന് ടി വകുപ്പിന്റെ അനുവാദം വേണ്ടതാണെന്ന് ആ വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മറ്റ് ജലസംഭരണികൾ, പുഴകൾ, കുളങ്ങൾ എന്നിവയിൽ വളർത്തുന്നതിന് നിയമപരമായ തടസ്സങ്ങളില്ല.

(സി) ഫോറസ്റ്റ് വകുപ്പിന്റെ അനുവാദം ലഭിച്ചാൽ റാഞ്ചിംഗ് നടത്തി പ്രാദേശിക പട്ടികജാതി/പട്ടികവർഗ്ഗ ഫ്രെട്ടേണൽ ഗ്രൂപ്പുകളുടെ ചുമതലയിൽ വളർത്തി വിപണനം നടത്തിവരുന്നതാണ്. എന്നാൽ മത്സ്യ കേരള പദ്ധതി, ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കൂടാതെ മലമ്പുഴ തുടങ്ങിയ ജലസംഭരണികളിൽ നടത്തുന്ന റാഞ്ചിംഗ് എന്നിവ മുഖാന്തരം ടി മത്സ്യങ്ങളുടെ ഉൽപാദനസാധ്യത വർദ്ധിപ്പിച്ച്, വിപണനം വിജയകരമായി നടത്തിവരുന്നുണ്ട്.

(ഡി) ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി (റിസർവോയർ ഫിഷറി)-ക്കായുള്ള നിബന്ധനപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി സഹകരണ സംഘം അല്ലെങ്കിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച്, നിക്ഷേപിക്കുന്ന മത്സ്യങ്ങൾ വളർച്ചയെത്തുന്ന മുറയ്ക്ക് അവയെ മൽ സംഘങ്ങൾ വഴി മത്സ്യബന്ധനം നടത്തി വിപണനം ചെയ്യുവാനുതാണ്. ടി സംഘങ്ങൾ ഇല്ലാത്ത ജലസംഭരണി പ്രദേശത്ത് ഇവ രൂപീകരിക്കാനായുള്ള നടപടികൾ വനം വകുപ്പിന്റെ അനുമതിക്ക് വിധേയമായി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly